LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

30 (*90) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം മേഖലയിൽ അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശം അറിയിക്കാമോ ;

(ബി) ഈ പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിലെ അലംഭാവം കേന്ദ്ര പദ്ധതികൾ നഷ്ടപ്പെടാനും ലഭിച്ച തുക തിരിച്ചുനൽകാനും ഇടയാക്കുമെന്നതിനെക്കുറിച്ച് പരിശോധന നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) കേന്ദ്ര സർക്കാർ അനുവദിച്ച ഏതെങ്കിലും ടൂറിസം പദ്ധതി തുക തിരികെ നൽകേണ്ടതായി വന്നിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) :

(എ&ബി) 2013-2014 ലെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) ഇക്കാര്യത്തിൽ അലംഭാവം ഉണ്ടായിട്ടില്ല. 2013-14-ൽ കേന്ദ്ര സർക്കാർ അനുവദിച്ച ഒരു പദ്ധതിക്കു ലഭിച്ച തുക സാങ്കേതിക കാരണങ്ങളാലും പദ്ധതി പ്രദേശത്തെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രാദേശിക പ്രശ്നങ്ങൾ നിമിത്തവും തിരിച്ചടക്കേണ്ടതായി വന്നിട്ടുണ്ട്.

(ഡി) ഉണ്ട്. 2013-14-ൽ ഒരു പദ്ധതിയുടെ തുക (പെരുവണ്ണാമൂഴി-കക്കയം) തിരിച്ചടച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.